**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 533** — **23-07-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിലെയും സമീപ പ്രദേശങ്ങളിലെയും കാർഷിക വൃത്തി സുഗമമാക്കുന്നതിനായി പുതിയൊരു കാർഷിക കലണ്ടർ തയ്യാറാക്കി തണ്ണീർമുക്കം ഷട്ടറുകൾ പ്രവൃത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തണ്ണീർമുക്കം ബണ്ട് പരമാവധി കാലം തുറന്നുകൊണ്ട് പരിസ്ഥിതി- ആവാസവ്യവസ്ഥ പൂർണ്ണമായും സന്തുലിതപ്പെടുത്തുകയും അതേ സമയം പരമാവധി കാർഷിക തീവ്രത കൈവരിക്കുകകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന ആലപ്പുഴ ജില്ലയിലുള്ള ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് (IRTCBSF) ഈ പ്രദേശത്തിനനുയോജ്യമായ കാർഷിക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കുട്ടനാട്ടിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി സമയബന്ധിതമായി കൃഷി ആസൂത്രണം ചെയ്യുന്നതുവഴി തണ്ണീർമുക്കം ബണ്ട് അടച്ചിടുന്ന കാലാവധി പരമാവധി ചുരുക്കുന്നതിന് ഉതകുംവിധമുള്ള കലണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലാകളക്ടർ ചെയർമാനായുള്ള കൃഷി, ഫിഷറീസ്, ജലസേചനം (മെക്കാനിക്കൽ, സിവിൽ) എന്നീ വകുപ്പുകളും ജനപ്രതിനിധികളുമടങ്ങുന്ന ഉപദേശക സമിതിയുടെ നിർദ്ദേശാനുസരണമാണ് നിലവിൽ തണ്ണീർമുക്കം ബണ്ട് പ്രവർത്തിപ്പിക്കുന്നത്. |
| (ബി) | ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതോടൊപ്പം ആലപ്പുഴയിൽ കുടിവെള്ള ക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതികൾ കൂടി സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ പെടുന്ന 25 വാർഡുകളിലും ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം സൗത്ത്, മാരാരിക്കുളം നോർത്ത് എന്നീ പഞ്ചായത്തുകളിലുമാണ് കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം നടത്തുന്നത്. ആലപ്പുഴ കുടിവെള്ള പദ്ധതി ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ റോവാട്ടർ പമ്പിംഗ് മെയിനിൽ തകഴി - കേളമംഗലം ഭാഗത്ത് നിരന്തരം പൊട്ടലുകൾ ഉണ്ടാകുന്നതു കൊണ്ട് പൂർണ്ണതോതിൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഈ ഭാഗത്തെ പൈപ്പ് ലൈൻ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മാറ്റി സ്ഥാപിക്കുന്നതിന് പൈപ്പ് എത്തിച്ചിട്ടുണ്ട്. |

പി.ഡബ്ല്യു.ഡി. യുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നവംബർ അവസാനത്തോടുകൂടി ഈ പണികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. 1) ഗ്രീൻ ബുക്ക് - ആര്യാട് പഞ്ചായത്ത് (499 ലക്ഷം രൂപ) ഈ പദ്ധതിയുടെ ഭാഗമായി കോമളപുരത്ത് പുതിയ 3.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും 17.3 കി.മീ ദൈർഘ്യമുള്ള വിതരണ ശൃംഖലയുടെയും പ്രവൃത്തി അവസാന ഘട്ടത്തിലാണ്. വിതരണശൃംഖല സ്ഥാപിച്ചു കഴിഞ്ഞു. ജലസംഭരണിയുടെ നിർമ്മാണം 80% ത്തോളം പൂർത്തിയായി. ഈ വർഷം സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2) അമൃത് കുടിവെള്ള പദ്ധതി ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജകമണ്ഡലത്തിലെ കൊമ്മാടിയിൽ 21 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും തത്തംപള്ളിയിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി തത്തംപള്ളി, പുന്നമട, ജില്ലാക്കോടതി, നെഹ്റുട്രോഫി, കരളകം, കിടങ്ങാംപറമ്പ്, കൊറ്റംകുളങ്ങര, അവലൂക്കുന്ന് വാർഡുകളിലെ നിലവിലുള്ള കുടിവെള്ള വിതരണ ശൃംഖലയുടെ നവീകരണം അവസാനഘട്ടത്തിലാണ്. ആകെ സ്ഥാപിക്കേണ്ട 126 കി.മീ. ദൈർഘ്യത്തിലുള്ള പൈപ്പ് ലൈനിലെ 118 കി.മീ. സ്ഥാപിച്ചു കഴിഞ്ഞു. 2021 ഓഗസ്റ്റ് മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 10 കുടിവെള്ള വിതരണ കിയോസ്കിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ഇതും ഓഗസ്റ്റ് മാസത്തോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 3) ജല ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. ആലപ്പുഴ കിഫ്ബി പദ്ധതി ആലപ്പുഴ മുനിസിപ്പാലിറ്റിയിലേയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളംതെക്ക് പഞ്ചായത്തുകളിലേയും, ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ മുനിസിപ്പാലിറ്റിയിലെ ചാത്തനാട്, വടികാട് എന്നീ സ്ഥലങ്ങളിലെയും, മാരാരിക്കുളംതെക്ക് പഞ്ചായത്തിലെ കാട്ടൂരിലേയും ഉന്നതതല ജലസംഭരണികളും, ഭൂതല ജലസംഭരണികളും, 2023 ഫെബ്രുവരിയിൽ പൂർത്തീകരിക്കാവുന്നതാണ്. ഈ പദ്ധതിയുടെ

| | | | |
|---|---|---|---|
| | | | ഭാഗമായി ആലപ്പുഴ ജില്ലയിൽ ആര്യാട് പഞ്ചായത്തിൽ കോമളപുരം വില്ലേജിൽ വ്യാസപുരത്ത് 9 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 13 സെന്റ് സ്ഥലം, മണ്ണഞ്ചേരി പഞ്ചായത്തിൽ കലവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് സമീപം 12 ദശലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുവാനായി പരിഗണിച്ചിട്ടുള്ള കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 15 സെന്റ് സ്ഥലം, ഉന്നതതല ജലസംഭരണി നിർമ്മിക്കാനുദ്ദേശിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 13 സെന്റ് സ്ഥലം എന്നിവ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറ്റം ചെയ്യേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ നടന്നുവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് അനുബന്ധ പ്രവർത്തികളും ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| പഞ്ചായത്ത് | ലക്ഷ്യമിടുന്ന കണക്ഷനുകൾ | നൽകിയ കണക്ഷനുകൾ | റിമാർക്ക് |
|---|---|---|---|
| ആര്യാട് | 2000 | 2000 | കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാകും. |
| മണ്ണഞ്ചേരി | 4500 | 3957 | ശേഷിക്കുന്ന കണക്ഷനുകൾ കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് നൽകും. |
| മാരാരിക്കുളം സൗത്ത് | 4500 | 2149 | ശേഷിക്കുന്ന കണക്ഷനുകൾ കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് നൽകും. |
| മാരാരിക്കുളം നോർത്ത് | 7311 | 2470 | പദ്ധതി പുരോഗമിച്ചു വരുന്നു. ഇത് പൂർത്തീകരിക്കുന്നതോടെ എല്ലാ വീടുകളിലും കണക്ഷൻ ലഭ്യമാകും. |

**സെക്ഷൻ ഓഫീസർ**